ശ്രീ. പി. എസ്. നമ്പൂതിരി : പ്രൈവറ്റ് ഫോറസ്റ്റുകളെല്ലാം ദേശസാൽക്കരിക്കാനുള്ള ബിൽ പാസാക്കാൻ പോകുന്നു. ഈ അവസരത്തിൽ ആ ബിൽ പാസ്സാക്കുന്നതുവരെ ഒരു കാരണത്താലും മരം മുറിക്കാൻ പാടില്ലെന്ന നിർദ്ദേശം കൊടുക്കാമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : നിർദ്ദേശം കൊടുക്കാൻ നിവൃത്തിയില്ല. ഒരു ആക്ട് നിലവിലുള്ളപ്പോൾ ആ ആക്ടിൽ ഉള്ള പ്രൊവിഷൻ അനുസരിച്ച് പ്രവർത്തിക്കാൻ നാം ബാധ്യസ്ഥരാണ്.

മന്ത്രിമാരുടെ സ്വത്തുവിവരം

* 56. (143) ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : താഴെ കാണുന്നചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാർക്സിസ്റ്റ് പാർട്ടി മന്ത്രിമാരും സി. പി. ഐ. മന്ത്രിമാരും പ്രസിദ്ധപ്പെടുത്തിയ സ്വത്തുവിവരം മുഖ്യമന്ത്രി പരിശോധിക്കുകയുണ്ടായോ :

(ബി) ഇപ്രകാരം സ്വത്തുവിവരം പ്രസിദ്ധപ്പെടുത്തിയതു് മന്ത്രിസഭയുടെയോ മുഖ്യമന്ത്രിയുടെയോ നിർദ്ദേശമനുസരിച്ചാണോ ;

(സി) ബാക്കിയുള്ള മന്ത്രിമാർ എന്തുകൊണ്ടാണ് അവരുടെ സ്വത്തുവിവരം പ്രസിദ്ധപ്പെടുത്താത്തതെന്നു് മുഖ്യമന്ത്രി അന്വേഷണം നടത്തുകയുണ്ടായോ ;

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ), (ബി), (സി), മുഖ്യമന്ത്രി അല്ല, അതാതു മന്ത്രിമാർതന്നെയാണു് പ്രസിദ്ധീകരിച്ചതു്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : ബഹുമാനപ്പെട്ട വ്യവസായമന്ത്രി ശ്രീ. ടി. വി. തോമസ്സു് പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ സ്വത്തുവിവരത്തിൽ അദ്ദേഹത്തിനും ഭാര്യയ്ക്കുംകൂടി കൂട്ടായി വീടും പറമ്പും കാറും ഉണ്ടെന്നു് പറയുന്നുണ്ടു്. എന്നാൽ റവന്യൂമന്ത്രി വെളിപ്പെടുത്തിയ സ്വത്തു വിവരത്തിൽ വ്യവസായമന്ത്രിയുമായി കൂട്ടായി ഉള്ള യാതൊരു സ്വത്തും ഉണ്ടെന്നു പറഞ്ഞിട്ടില്ല. വ്യവസായമന്ത്രി വെളിപ്പെടുത്തിയ വിവരത്തിൽ ഭാര്യയ്ക്കും തനിക്കും കൂട്ടായി ഉള്ള സ്വത്തുവിവരം പറയുന്നുണ്ടു്. ഇതിൽ ഉള്ള വൈരുദ്ധ്യത്തെക്കുറിച്ചു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു വിശദീകരണം നൽകുമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഭാര്യമാരെയും സ്വത്തും തിരിച്ചറിയാത്ത ചില ആളുകളും അപ്പുറത്തു കണ്ടേക്കും. അതുകൊണ്ടു് ഈ വക കാര്യങ്ങളെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മെമ്പർക്കു് എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ തെളിവു് ഹാജരാക്കിയാൽ അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : എനിക്കു് ബഹുമാനപ്പെട്ട വ്യവസായമന്ത്രിയും റവന്യൂമന്ത്രിയും വെളിപ്പെടുത്തിയ സ്വത്തു വിവരത്തിൽ ഉള്ള വൈരുദ്ധ്യത്തിന്റെ കാരണമെന്താണെന്നു് ഒരു വിശദീകരണം മാത്രംമതി. മറ്റു കാര്യങ്ങളൊക്കെ പിന്നീടു് തീരുമാനിക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇതിനു് ഉത്തരം പറഞ്ഞാൽമതി; മറ്റു കാര്യങ്ങളൊക്കെ പിന്നീട തീരുമാനിക്കാം എന്നു പറയുന്നതു ശരിയാണോ ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : മുഖ്യമന്ത്രി വെളിപ്പെടുത്തിയിട്ടുള്ള സ്വത്തു വിവരത്തിൽ അദ്ദേഹത്തിനു് പലിശയില്ലാതെ ഏതാനും സംഖ്യ ചിലർ കടംകൊടുത്തിട്ടുണ്ടെന്നു പറഞ്ഞിട്ടുണ്ടു്. ആ സഹൃദയരായ ആളുകൾ ആരാണെന്നു വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : മുഖ്യമന്ത്രിയുടെ സ്വത്തിനെ സംബന്ധിച്ചുള്ള രേഖകൾ ഇതിനകത്തില്ല. അദ്ദേഹം വന്നു കഴിഞ്ഞതിനുശേഷം ആവശ്യമുണ്ടെങ്കിൽ നിയമസഭയിൽ പറയും.

ശ്രീ. കെ. കരുണാകരൻ : മന്ത്രിമാർ തങ്ങളുടെ സ്വത്തുവിവരങ്ങൾ സ്വന്തം നിലയിൽ പ്രസിദ്ധപ്പെടുത്തികഴിഞ്ഞു, കൂടാതെ മുഖ്യമന്ത്രിക്കു് ഔദ്യോഗിക നിലയിലും സ്വത്തുക്കളുടെ കണക്കുകൾ കൊടുത്തിട്ടുണ്ടു്, ഈ കണക്കുകൾ തമ്മിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോ എന്നു പൊതുജനങ്ങൾക്കു് അറിയാൻവേണ്ടി ഔദ്യോഗികമായി സമർപ്പിച്ചിട്ടുള്ള കണക്കുകൾ ദയവായി പ്രസിദ്ധപ്പെടുത്തുമോ ?

ശ്രീമതി. കെ. ആർ. ഗൗരി . ഔദ്യോഗികമായിട്ടു് മുഖ്യമന്ത്രിക്കു് കൊടുത്തിട്ടുള്ള കണക്കും മന്ത്രിമാർതന്നെ വെളിപ്പെടുത്തിയിട്ടുള്ള കണക്കും മുഖ്യമന്ത്രി പരിശോധിക്കുന്നതാണു്. ഗവണ്മെൻറിനു് കൊടുത്തിട്ടുള്ളതു് ഓരോരുത്തരുടെ സ്വത്തിൻെറ വിവരത്തിൻെറ കോപ്പിയാണു്.

ശ്രീ. കെ. കരുണാകരൻ: മുഖ്യമന്ത്രിക്കു കൊടുത്തിട്ടുള്ള കണക്കും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കണക്കും തമ്മിൽ വ്യത്യാസമുണ്ടോ എന്നറിയാൻ പൊതുജനങ്ങൾക്കു ഉൽക്കണ്ഠയുണ്ടു്. അതു് പ്രസിദ്ധപ്പെടുത്താൻ മുഖ്യമന്ത്രി തയാറാണോ ?

ശ്രീമതി കെ. ആർ. ഗൗരി ; ഇതെല്ലാം പ്രസിദ്ധീകരിച്ചതു് മുഖ്യമന്ത്രിയല്ല. അതാതു മന്ത്രിമാർതന്നെയാണു് പ്രസിദ്ധീകരിച്ചതു്. മുഖ്യമന്ത്രിയോടു ചോദിച്ചിട്ടും അല്ല പ്രസിദ്ധീകരിച്ചിട്ടുള്ളതു്. രണ്ടു കണക്കും വ്യത്യാസമുണ്ടെങ്കിൽ തീർച്ചയായും മുഖ്യമന്ത്രി നോക്കാതിരിക്കയില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അതാതു പാർട്ടികളാണു് ഈ വിവരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതു്. അതാതു പാർട്ടികളുടെ പ്രസിദ്ധീകരണത്തെ സംബന്ധിച്ചു് മുഖ്യമന്ത്രിക്കു് ഉത്തരവാദിത്വമുണ്ടോ എന്നുള്ള ചോദ്യത്തിനു് പ്രസക്തിയില്ല.

ശ്രീ. കെ. എം. ജോർജ്ജു് : നമ്മുടെ ചില മന്ത്രിമാരുടെ സ്വത്തുവിവരത്തിൽ ഇരുപതിനായിരവും മുപ്പതിനായിരവുമൊക്കെ ബാങ്കുകളിൽ നിക്ഷേപങ്ങൾ ഉണ്ടെന്നു പറയുന്നതിനോടൊപ്പംതന്നെ വെറും നിസ്സാരമായ 50—ം 60-ം രൂപയുടെ കടമുണ്ടെന്നു പറയുന്നതു് ഈ കേരളസംസ്ഥാനത്തിൻെറ അന്തസ്സിനു യോജിക്കുന്നതാണോ ?

ശ്രീമതി. കെ. ആർ. ഗൗരി : കൊടുക്കുവാനുള്ളതു് കൊടുക്കുകയില്ലെന്നു എഴുതിയില്ലല്ലോ. കൊടുക്കാനുള്ള ആളുകൾക്കു് കൊടുക്കുവാനുള്ളതാണു് എഴുതിയിരിക്കുന്നതു്. സ്വത്തും കടവും വേർതിരിച്ചു് എഴുതിയതാണു്. സത്യസ്ഥിതി എഴുതുന്നതു് കുറ്റമുണ്ടെന്നു കണക്കാക്കിയിട്ടില്ല.

ശ്രീ. കെ. എം. മാണി : ആരോഗ്യമന്ത്രി നൽകിയ സ്വത്തുവിവരത്തിൽ മുഖ്യമായ വരുമാനമാർഗ്ഗമായി ടി. എ. ഇനത്തിലാണെന്നു പറയുന്നു. ടി. എ. ഒരു വരുമാനമാർഗ്ഗമായി അംഗീകരിച്ചിട്ടുണ്ടോ ?

ശ്രീമതി. കെ. ആർ. ഗൗരി : സർ, ഈ ചോദ്യവും T. A. യുമായി യാതൊരു ബന്ധവുമില്ല.

ശ്രീ. കെ. എം. മാണി : മന്ത്രി നൽകിയ സ്വത്തുവിവരമനുസരിച്ചുള്ള ചോദ്യമാണല്ലോ ഇതു് .....

മി. സ്പീക്കർ : ഓർഡർ, ഓർഡർ; ടി. എ. കാശായിട്ടു് കൈയിൽ വാങ്ങുകയാണല്ലോ, അതും ഒരു വരുമാനമാർഗ്ഗമായിട്ടു് എഴുതാതെ നിവൃത്തിയില്ല.

ശ്രീ. എം. എം. തോമസ്സ് : സപ്ലൈവിവരത്തിന്റെ കൂട്ടത്തിൽ "ചക്കാത്തു" ഭക്ഷണം കിട്ടിയിട്ടുള്ള വിവരവുംകൂടി ഉൾപ്പെടുത്തിയിട്ടുണ്ടല്ലോ, ദയവുചെയ്ത് ഈ ഏർപ്പാട് നിർത്തിവയ്ക്കാമോ ?

മി. സ്പീക്കർ : ചോദ്യം അനുവദിക്കുന്നില്ല.

ஸ்ரீ. என். கணபதி : *ஸர், மத்திய மந்திரி சபையிலும், தமிழ்நாட்டு மந்திரி சபையிலும் மந்திரிகளின் கணக்கு மற்றும் நடத்தைகளுக்கு விதிமுறைகள் உள்ளன. குறிப்பாக விருந்துகளுக்குப் போவதற்கும் மற்றும் கட்டுப்பாடுகள் உள்ளதுபோல நமது மந்திரி சபையும் செய்யலாமா ?*

ശ്രീമതി. കെ. ആർ. ഗൗരി : ചോദ്യം മനസ്സിലായില്ല.

മി. സ്പീക്കർ : ഇങ്ങനെ വിരുന്നിനും മറ്റും മന്ത്രിമാർ പോകുന്നതിനെ സംബന്ധിച്ച് മദ്രാസിൽ രൂപം ഉണ്ട്. ഇവിടെയും അപ്രകാരം വല്ല രൂപം ഉണ്ടോ എന്നാണ് ചോദ്യം.

ശ്രീമതി. കെ. ആർ. ഗൗരി : ഇവിടെ രൂപം ഇല്ല.

Shri. S. P. Luiz: May I know whether the Hon. Ministers are remitting any income tax and if so, how much ?

ശ്രീമതി. കെ. ആർ. ഗൗരി : ഇങ്കം ടാക്സ് ഉണ്ടെങ്കിൽ കൊടുക്കേണ്ടിവരും. ഇങ്കം ടാക്സ് ആഫീസറുടെ കണക്ക കിട്ടുമ്പോൾ തുക കൊടുക്കും. ഇങ്കം ടാക്സ് ആഫീസർക്കു് വേറെ ഒരു കണക്ക കൊടുക്കുന്ന പതിവു് മന്ത്രിമാർക്കില്ല.

വിദ്യാഭ്യാസരംഗത്തു് പരിഷ്ക്കാരങ്ങൾ

* 57. [144] ശ്രീ. പി. കെ. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സെക്കണ്ടറി വിദ്യാഭ്യാസരംഗത്തു് പുതുതായിട്ടെന്തെങ്കിലും പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണെന്നു വിശദീകരിക്കുമോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ) :

(എ, ബി) നടപ്പിൽ വരുത്തിയിട്ടില്ല. താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. പാഠ്യവിഷയങ്ങളുടെ സിലബസ്സ് പരിഷ്ക്കരിക്കുകയും പുതുക്കിയെഴുതിക്കൊണ്ടിരിക്കുകയുമാണ്. സയൻസ്, സോഷ്യൽസ്റ്റഡീസ്, കണക്ക് എന്നീ വിഷയങ്ങളുടെ സിലബസ്സ് നവീകരണം പൂർത്തിയായിക്കഴിഞ്ഞു. ആധുനികലോകത്തിന്റെ ആവശ്യങ്ങളും ശാസ്ത്രീയവികസനങ്ങളും കണക്കിലെടുത്തു് പാഠ്യവിഷയങ്ങൾക്കു് സമയപരിധി കൽപ്പിച്ചുകൊണ്ടു് ഇന്നത്തെ ഓരോ വിഷയത്തിനു് പീരിയഡ് നിർണ്ണയം ചെയ്യുന്നതിനു് ആവശ്യമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. പുതിയ സിലബസ്സ് നടപ്പാക്കുന്നതോടുകൂടി, പീരിയഡ് നിർണ്ണയത്തിലുള്ള പരിഷ്ക്കാരവും നടപ്പിൽ വരും. വസ്തുനിഷ്ഠമായ അദ്ധ്യാപനം എല്ലാ ലവലിലും ഈ കൊല്ലം മുതൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അദ്ധ്യയനദിനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനും ഉദ്ദേശമുണ്ട്.

ശ്രീ. പി. കെ. രാഘവൻ : എസ്. എസ്. എൽ. സി. കോഴ്സ് പൂർത്തിയാക്കുകയും പരീക്ഷയ്ക്കിരിക്കുകയും തോൽക്കുകയും ചെയ്ത വിദ്യാർത്ഥികൾക്ക് തുടർന്നു ക്ലാസിൽ ചേർന്നു പഠിക്കാൻ അവസരം നൽകുന്നതിനു നടപടികൾ എടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly